11045
23/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ - കേന്ദ്ര ന്യൂനപക്ഷ കോർപ്പറേഷനുകളിൽ നിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ പിന്നോക്ക ജാതി വിദ്യാർത്ഥികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 632/2014/സാനീവ തീയതി, തിരുവനന്തപുരം, 18.10.2014

---

പരാമർശം : 1) സ.ഉ(സാധാ) നം. 342/2012/സാക്ഷേവ തീയതി 27.07.2012.
2) സ.ഉ(സാധാ) നം. 622/2013/സാനീവ തീയതി 20.12.2013.
3) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 08.01.2014 ലെ KSWDC/MC/EL/1/TVM/05/(R2-1782) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം, വനിതാ വികസന കോർപ്പറേഷനിൽ നിന്നും 31.12.2003 നു മുമ്പ് സ്വയംതൊഴിൽ വായ്പയെടുത്ത് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയവർക്ക് 100% പിഴപ്പലിശയും 1.1.2004 മുതൽ സ്വയംതൊഴിൽ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് 50% പിഴപ്പലിശയും ഒഴിവാക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. കേന്ദ്ര ന്യൂനപക്ഷ കോർപ്പറേഷനുകളിൽ നിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പിഴപ്പലിശ ആനുകൂല്യം ലഭ്യമാക്കി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളായ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ വികലാംഗക്ഷേമ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും ലഭിക്കുന്ന തുകയാണ് വിദ്യാഭ്യാസ വായ്പയായി വിദ്യാർത്ഥികൾക്ക് നൽകിയിരുന്നതെന്നും ആയതിനാൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ വായ്പകൾ കൂടി ടി ഉത്തരവിൽ ഉൾപ്പെടുത്തണമെന്നും വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സർക്കാർ വഹിക്കുന്നതല്ലായെന്നും സുതാര്യമായ നടപടിക്രമത്തിലൂടെ മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ പാടുള്ളൂ എന്നുമുള്ള നിബന്ധനയോടെ പരാമർശം (1) പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പിഴപ്പലിശ ആനുകൂല്യം വനിതാ വികസന കോർപ്പറേഷനിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ പിന്നോക്ക ജാതി വിദ്യാർത്ഥികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടി ബാധകമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (19.08.2014 ലെ 61502/പിയുസി2/14/ധന പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (20.06.2014 ലെ 7123/എഫ്2/14/പ്ലാനിംഗ് പ്രകാരം)
വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ